## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1593 21.03.2012 ൽ മറുപടിയ്ക്ക്

## സംസ്ഥാന കർഷകകടാശ്വാസക്കമ്മീഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ. കെ.പി. മോഹനൻ (ബഹു: കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | ജസ്റ്റിസ് അബ്ദുൾ ഗഫൂർ അദ്ധ്യക്ഷനായ സംസ്ഥാനകർഷകകടാശ്വാസക്കമ്മീഷൻ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) 2012 മാർച്ച് 18 ന് ജസ്റ്റിസ് അബ്ദുൾ ഗഫൂർ അദ്ധ്യക്ഷനായ സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി അവസാനിച്ചു. |
| (ബി) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം കർഷകകടാശ്വാസക്കമ്മീഷന്റെ എത്ര സിറ്റിംഗുകൾ നടത്തിയിട്ടുണ്ടെന്നും, ഈ സിറ്റിംഗുകളിൽ എത്ര രൂപയുടെ ധനസഹായം ശുപാർശ ചെയ്തിട്ടുണ്ടെന്നും, അങ്ങനെയുള്ള ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ 161 സിറ്റിംഗുകൾ നടത്തുകയും അതനുസരിച്ച് 12,42,20,394/- രൂപയുടെ ധനസഹായം ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആയത് സർക്കാർ അനുവദിച്ചു നടപ്പാക്കി വരുന്നു. |
| (സി) | കർഷകകടാശ്വാസക്കമ്മീഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; | (സി) പരിശോധിച്ചു വരുന്നു |
| (ഡി) | കർഷകകടാശ്വാസക്കമ്മീഷൻ ഇതുവരെ നൽകിയ ശുപാർശകൾ മുഴുവൻ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ; | (ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പാക്കി വരുന്നു. |
| (ഇ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം കർഷകകടാശ്വാസക്കമ്മീഷനിൽ പുതിയ അംഗങ്ങളായി ആരെയെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ഇ) ഇല്ല. |

| | | | |
|---|---|---|---|
| (എഫ്) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം കർഷകകടാശ്വാസക്കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ? | (എഫ്) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം കർഷകകടാശ്വാസക്കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി നോൺ പ്ലാൻ ഫണ്ടിൽ നിന്ന് 83.5 ലക്ഷം രൂപ അനുവദിക്കുകയും അതിൽ 72 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. കൂടാതെ കമ്മീഷൻ ചെയർമാന് ഔദ്യോഗിക വാഹനം വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്ന് 11,41,860/- രൂപയും ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ